## പരിക്കേറ്റ തൊഴിലാളിക്ക് ശാശ്വത അവശതയില്ല: നഷ്ടപരിഹാരം നല്കണമെന്ന ഉത്തരവ് റദ്ദാക്കി

### കർണാടക ഹൈക്കോടതി

M.F.A. No. 5723/2011 Dt. 20.12.2019

ജെ.കെ. ഇൻഡസ്ട്രീസ്

x

ടി.എം. ചന്ദ്രശേഖർ

ടയർ ഫാക്ടറിയിലെ തൊഴിലാളിക്ക് ജോലി ചെയ്തുകൊണ്ടിരിക്കെ കാൽമുട്ടിൽ പരിക്കേറ്റു. പരിക്കേറ്റ തൊഴിലാളിയെ ആദ്യം ഫാക്ടറിയിലെ ആരോഗ്യ കേന്ദ്രത്തിൽ വച്ചും പിന്നീട് വിവിധ ആശുപത്രികളിൽ വച്ചും ചികിത്സക്ക് വിധേയമാക്കി. നാല് മാസത്തോളം വിശ്രമത്തിലായിരുന്ന തൊഴിലാളി അതിനു ശേഷം ജോലിയിൽ പ്രവേശിക്കുകയും പൂർവ്വാധികം ആരോഗ്യത്തോടെ ജോലി ചെയ്യുകയും ചെയ്തു. ജോലിയിൽ തിരികെ പ്രവേശിച്ച സമയത്ത് തൊഴിലുടമ തൊഴിലാളിയുടെ സർവ്വ ചികിത്സാ ചെലവുകളും അയാൾക്ക് നല്കി. പിന്നീട് അയാൾ സർവ്വവിധ വേതനവർദ്ധനവും സ്ഥാനക്കയറ്റവും കരസ്ഥമാക്കുകയും തൊഴിലിൽ തുടർച്ചയോടെ മുന്നേറുകയും ചെയ്തു. പ്രതിമാസം 47,000 രൂപയിലധികം അയാൾ വേതനമായി കൈപ്പറ്റിക്കൊണ്ടിരിക്കുമ്പോൾ നഷ്ടപരിഹാരമാവശ്യപ്പെട്ട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ നല്കി. തൊഴിലാളിക്ക് യാതൊരു തരത്തിലുമുള്ള അവശതയില്ലെന്നും മുമ്പ് ചെയ്തിരുന്നതിലധികം ജോലി അയാൾ ചെയ്യുന്നുണ്ടെന്നും അയാൾ ജോലിയിൽ തുടരുകയാണെന്നും ചികിത്സാചെലവുകൾ മുഴുവൻ തങ്ങൾ വഹിച്ചതാണെന്നും മറ്റും തൊഴിലുടമ വാദിച്ചു. തനിക്ക് 25% ഭാഗിക ശാശ്വത അവശതയുണ്ടെന്ന് കാണിക്കുന്ന സാക്ഷ്യപത്രം തൊഴിലാളി ഹാജരാക്കി. ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 1,18,236 രൂപ പലിശ സഹിതം തൊഴിലാളിക്ക് നല്കണമെന്ന് കമ്മീഷണർ തൊഴിലുടമയോട് നിർദ്ദേശിച്ചു. ഇതിനെതിരെ തൊഴിലുടമ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. പൂർവ്വാധികം ആരോഗ്യത്തോടെ ജോലിയിൽ തുടരുന്ന തൊഴിലാളിക്ക് ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നല്കണമെന്ന് ഉത്തരവിട്ടത് തെറ്റും നിയമവിരുദ്ധവും റദ്ദാക്കപ്പെടേണ്ടതുമാണെന്ന് തൊഴിലുടമ വാദിച്ചു. ശമ്പള വർദ്ധനവും സ്ഥാനക്കയറ്റവും നേടുകയും തുടർച്ചയായി ജോലി ചെയ്യുകയും ചെയ്യുന്ന തൊഴിലാളിക്ക് ശാശ്വത അവശതയുണ്ടെന്ന് കണക്കാക്കാനാവില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നഷ്ടപരിഹാരം നിർണ്ണയിക്കാനാവില്ലെന്നും ഇക്കാര്യത്തിൽ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ ഉത്തരവ് ന്യായീകരിക്കാനാവില്ലെന്നും വിലയിരുത്തിയ ഹൈക്കോടതി തൊഴിലുടമയുടെ അപ്പീൽ അനുവദിക്കുകയും കമ്മീഷണറുടെ ഉത്തരവ് റദ്ദാക്കുകയും ചെയ്തു.